KP 877
17/4/18

# കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഡോ.ബീന നാരായണൻ, ജൂനിയർ കൺസൾട്ടന്റ് (late) – അധിക തസ്തികയിൽ ജോലിചെയ്ത കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ(സാധാ) നം.1145/2018/ആ.കു.വ തീയതി, തിരുവനന്തപുരം, 05.04.2018.

പരാമർശം:- 1) സ.ഉ(സാധാ) നം.2952/14/ആകുവ തീയതി 28.08.2014.

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.10.2017-ലെ ഇഎ 1-57923/2014/ആവഡ നമ്പർ കത്ത്.

## ഉത്തരവ്

പുനലൂർ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായിരുന്ന ഡോ.ബീന നാരായണനെ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസറായി നിയമിക്കുകയും, ടിയാരി മേൽ സ്റ്റേഷനിൽ ജോലി ചെയ്തു വരവേ, സർവ്വീസ് ക്വാട്ടയിൽ പി.ജി പഠനം പൂർത്തിയാക്കിയ ഡോ.ഉഷ.എൻ, കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ 01.08.2015-ന് ജോലിയിൽ പ്രവേശിക്കുകയും ഉണ്ടായി.

2. മേൽ സാഹചര്യത്തിൽ ഡോ.ബീന നാരായണന്റെ നിയമനം, അനുവദിക്കപ്പെട്ട തസ്തികയേക്കാൾ അധികമാകുകയും, എന്നാൽ ക്യാൻസർ രോഗി എന്ന പരിഗണനയിൽ ടിയാരി തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ തുടരുകയും ഉണ്ടായി. പരാമർശം 1-ലെ ഉത്തരവ് പ്രകാരം ഡോ.ബീന നാരായണന് കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ആലപ്പുഴ തുറവൂർ താലൂക്ക് ആശുപത്രിയിൽ നിയമിച്ചെങ്കിലും രോഗ ചികത്സയിൽ ആയിരുന്നതിനാൽ, കൺസൾട്ടന്റ് തസ്തികയിൽ പ്രവേശിച്ചില്ല. തുടർന്ന് 06.09.2016-ൽ ടിയാരി മരണപ്പെടുകയും ചെയ്തു.

3. ഡോ.ബീന നാരായണൻ, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അധിക തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന 01.08.2015 മുതൽ 05.09.2016 വരെയുള്ള കാലം ക്രമപ്പെടുത്തി നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 2-ലെ കത്ത് പ്രകാരം ശുപാർശ നൽകുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശ പ്രകാരം, ഡോ.ബീന നാരായണൻ, ജൂനിയർ കൺസൾട്ടന്റ്

ആയി തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ, അനുവദിക്കപ്പെടാത്ത തസ്തികയിൽ സേവനമനുഷ്ഠിച്ച 01.08.2015 മുതൽ 05.09.2016 വരെയുള്ള കാലയളവ്, പ്രത്യേക പരിഗണന നൽകി, ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സരിത.ഡി,**

**ഡെപ്യൂട്ടി സെക്രട്ടറി.**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ആഫീസർ, തിരുവനന്തപുരം.

ഡോ.ബീന നാരായണൻ, ജൂനിയർ കൺസൾട്ടന്റ് (late) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (31.01.2018-ലെ 552066/H&L-B1/138/17-FIN റിമാർക്സ് പ്രകാരം)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1-57923/14/ആ.വ.ഡ തീയതി 10.04.2018**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**